**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3635** **05-08-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ ആദിവാസി ഊരുകളിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **Shri. K. Krishnankutty**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം ആദിവാസി ഊരുകളിലാണ് ഇനിയും വൈദ്യുതി എത്താനുള്ളതെന്ന് അറിയിക്കാമോ; | (എ) | നിലമ്പൂർ മണ്ഡലത്തിലെ വാണിയമ്പുഴ, ഇരുട്ടുകുത്തി, കുമ്പളപ്പാറ, പാട്ടക്കരിമ്പ്, മാഞ്ചീരി, വട്ടിക്കല്ല് എന്നീ ആദിവാസി ഊരുകളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല . |
| (ബി) | പ്രസ്തുത ആദിവാസി ഊരുകളിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ആയതിന് എത്ര തുകയാണ് മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി സർക്കാർ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായി വനാന്തരങ്ങളിൽ സ്ഥിതി ചെയ്യുന്ന 64 പട്ടിക ഗോത്രവർഗ്ഗക്കാരുടെ കോളനികളിൽ വൈദ്യുതി ലഭ്യമല്ലെന്നുള്ളത് KSEBL കണ്ടെത്തുകയും അവയുടെ DPR തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിനായി പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട് . വാണിയമ്പുഴ, മാഞ്ചീരി, വട്ടിക്കല്ല്, കുമ്പളപ്പാറ എന്നീ കോളനികൾ മേൽപ്പറഞ്ഞ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രളയത്തിൽ തകർന്ന വാണിയമ്പുഴ, ഇരുട്ടുകുത്തി, കോളനികളിലേക്ക് വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനുവേണ്ടി 33.5ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കുമ്പളപ്പാറ കോളനിയിലേക്ക് നിലവിലുള്ള സാഹചര്യത്തിൽ റോഡ് മാർഗ്ഗം എത്തിപ്പെടാൻ ബുദ്ധിമുട്ടായതു കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിച്ചിട്ടില്ല. മാഞ്ചീരി, വട്ടിക്കല്ല് എന്നീ കോളനികൾ കനത്ത വന പ്രദേശത്തായതിനാലും, വന്യമൃഗശല്യം ഉള്ളതിനാലും അവിടേക്ക് ഗ്രിഡ് വൈദ്യുതി എത്തിക്കുവാൻ സാധ്യമല്ല. നിബിഡ വനമായതിനാൽ മാഞ്ചീരി, വട്ടിക്കല്ല് എന്നീ കോളനികളിൽ സോളാർ വൈദ്യുതീകരണവും ബുദ്ധിമുട്ടായിരിക്കും.. പാട്ടക്കരിമ്പ് കോളനിയുടെ വൈദ്യുതീകര ണത്തിന് Integrated Tribal Development Project (ITDP) 53,31,889/- രൂപ അടയ്ക്കുകയും വനത്തിൽ കൂടി ലൈൻ വലിക്കുന്നതിനു 28.07.2021 ന് വനം വകുപ്പിൽ നിന്നും അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട് . |

| | | | |
|---|---|---|---|
| | | | വൈദ്യുതീകരണ പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്ന താണ്. ഈ ഗോത്രവർഗ്ഗ ഊരുകൾ വനാന്തർ ഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായ തിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിനു വനത്തിൽ കൂടി ലൈൻ വലിക്കുന്നതിനു വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ചു കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും കണക്കിലെടുത്ത് വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കു ന്നതിനായി സംസ്ഥാന ജില്ലാ തല സമിതികൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗവികസന വകുപ്പിൽ നിന്നും വൈദ്യുതീകരണത്തിനു ആവശ്യമായ തുക ലഭ്യമാക്കുന്ന മുറയ്ക്ക് ഗ്രിഡ് വൈദ്യുതി എത്തിയ്ക്കാൻ കഴിയുന്ന കോളനികളുടെ വൈദ്യുതീകരണം KSEBL നടപ്പിലാക്കുന്നതാണ്. |
| (സി) | പ്രസ്തുത ആദിവാസി കോളനികളിൽ എപ്രകാരം വൈദ്യുതി എത്തിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിന് ഭൂഗർഭ കേബിളുകൾ ഉപയോഗിക്കാൻ സാധിക്കുമോ; സോളാർ വൈദ്യുതീകരണം ഭൂഗർഭ കേബിളിനേക്കാൾ ലാഭകരമാണോയെന്ന് അറിയിക്കാമോ; | (സി) | വാണിയമ്പുഴ, ഇരുട്ടുകുത്തി, പാട്ടക്കരിമ്പ് എന്നീ കോളനികളിലേക്ക് കവചിത ചാലകമായ ഏരിയൽ ബഞ്ചഡ് കേബിൾ ഉപയോഗിച്ച് ഗ്രിഡ് വൈദ്യുതി എത്തിയ്ക്കുന്നതിനുള്ള എസ്റ്റിമേറ്റ് ആണ് KSEBL തയ്യാറാക്കിയിട്ടുള്ളത്. കനത്ത വനപ്രദേശത്താ യതിനാലും, വന്യമൃഗശല്യം ഉള്ളതിനാലും മാഞ്ചീരി, വട്ടിക്കല്ല് എന്നീ കോളനികളിൽ ഭൂഗർഭ കേബിളു കൾ ഇട്ടു വൈദ്യുതി എത്തിയ്ക്കാനും സാധിക്കില്ല. വനത്തിൽ കൂടി ലൈൻ വലിക്കുന്നതിനു വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ചു കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും കണക്കിലെടുക്കു മ്പോൾ ഗ്രിഡ് വൈദ്യുതി എത്തിയ്ക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ സോളാർ വൈദ്യുതിയാണ് അഭികാമ്യമെന്നാണു വിലയിരുത്തുന്നത്. |
| (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മണ്ഡലത്തിലെ ഏതെല്ലാം ആദിവാസി ഊരുകളിലേക്ക് വൈദ്യുതി എത്തിക്കാനായി എന്നും ഇതിനായി ചെലവഴിച്ച തുകയും അറിയിക്കാമോ? | (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിലമ്പൂർ മണ്ഡലത്തിലെ പുഞ്ചകൊല്ലി, അളക്കൽ, മുണ്ടകടവ്, ഉച്ചക്കുളം എന്നീ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിയ്ക്കുകയും അതിനായി 3,23,58,258 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ